"കോഴഞ്ചേരി സ്വകാര്യ ആശുപത്രിയിലെ നവജാതശിശുക്കളുടെ മരണം"

32 [2462] *ശ്രീ. രാജു എബ്രഹാം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ ഒരു സ്വകാര്യ ആശുപത്രിയിൽ ഇക്കഴിഞ്ഞ മേയ് 14-ന് പ്രസവിച്ച് മണിക്കൂറുകൾക്കകം 2 നവജാത ശിശുക്കൾ മരണപ്പെടാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയാണ്; ഏതൊക്കെ വകുപ്പുകളനുസരിച്ചാണ് കേസെടുത്തിട്ടുള്ളത്;

(സി) മരണം എങ്ങനെ സംഭവിച്ചതാണെന്നാണ് ആശുപത്രി അധികൃതരുടെ നിഗമനമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് പോലീസ് എടുത്ത നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) മരിച്ച കുട്ടികളുടെ ആന്തരികാവയവങ്ങളുടെ രാസപരിശോധന നടത്തിയിരുന്നോ; എങ്കിൽ എവിടെയാണ് പരിശോധന നടത്തിയത്;

(എഫ്) രാസപരിശോധനാ റിപ്പോർട്ടിൽ മരണം എങ്ങനെ സംഭവിച്ചതാണെന്നാണ് പറഞ്ഞിട്ടുള്ളത്;

(എഫ്.1) ഈ കേസിന്റെ അന്വേഷണച്ചുമതല ആർക്കാണ്;

(ജി) രാസപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആശുപത്രി അധികൃതർക്കെതിരെ നരഹത്യയ്ക്ക് കേസെടുത്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുത്തൂറ്റ് ആശുപത്രിയിലെ സ്റ്റാഫ് നഴ്സുമാരായ ബീനാ ചെറിയാൻ, അൻസി ബിജു എന്നിവരെ പ്രതിചേർത്ത് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം 330/2004 യു/എസ്. 304(എ) 201, 34 ഐ.പി.സി. പ്രകാരവും 331/2004 യു/എസ്. 304(എ) 201, 34 ഐ.പി.സി. പ്രകാരവുമായി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കുട്ടികളുടെ വയറു കഴുകുന്നതിന് ഉപയോഗിക്കുന്ന "നോർമൽ സലൈൻ" എന്ന ലേബലുള്ള കുപ്പിയിൽ "ഫോർമാലിൻ" എന്ന അണുനാശിനി

LIBRARY ARCHIVES Kerala Legislative Assembly

ഒരു നഴ്സ് ഒഴിച്ചുവച്ചിരുന്നു. എന്നാൽ ഫോർമാലിൻ ആണെന്നറിയാതെ ടി നഴ്സ് അവധിക്കു പോയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന മറ്റൊരു നഴ്സ് നോർമൽ സലൈൻ ആണെന്നു ധരിച്ച് ഫോർമാലിൻ കുട്ടികളുടെ വയറു കഴുകാൻ ഉപയോഗിച്ചിട്ടുള്ളതാണ്. ഇത് അബദ്ധത്തിൽ സംഭവിച്ചതാണെന്നാണ് ആശുപത്രി അധികൃതരുടെ നിഗമനം.

(ഡി) ഇതു സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഇ) നടത്തിയിരുന്നു. തിരുവനന്തപുരത്തെ കേരള സ്റ്റേറ്റ് കെമിക്കൽ അനലൈസിസ് ലാബിൽ.

(എഫ്) മരണം ഫോർമാലിൻ വിഷംമൂലം എന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

(എഫ്.1) ഡിവൈ.എസ്.പി. പത്തനംതിട്ട.

(ജി) സ്വീകരിക്കും.

(എച്ച്) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കും. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

വിദ്യാർത്ഥിസമരവുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

33 [2463] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*

,, *സാജുപോൾ:*

,, *കെ. പി. സതീശ് ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ-പ്രൊഫഷണൽ വിദ്യാഭ്യാസപ്രശ്നങ്ങൾ ഉയർത്തി വിദ്യാർത്ഥികൾ നടത്തിയ സമരവുമായി ബന്ധപ്പെട്ട് ഇക്കഴിഞ്ഞ മൂന്ന് മാസത്തിനകം എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുകളിലെല്ലാംകൂടി എത്ര വിദ്യാർത്ഥികളെ പ്രതികളാക്കി ചേർത്തിട്ടുണ്ട്;

(സി) ഗ്രനേഡ്, ജലപീരങ്കി, ലാത്തിച്ചാർജ്ജ്, കണ്ണീർവാതകപ്രയോഗം തുടങ്ങിയവ വിദ്യാർത്ഥികൾക്കുനേരെ ഏതെല്ലാം സ്ഥലങ്ങളിൽ, എത്ര വീതം പ്രയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥിസമരം നേരിടുന്നതിന് ഇക്കഴിഞ്ഞ മൂന്നു മാസത്തിനകം എത്ര തുക സർക്കാരിന് ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly